# അനുസരണവും അഭിഷേകവും

## 1 ശമുവേൽ 9:3

**"ശൗലിന്റെ അപ്പനായ കീശിന്റെ കഴുതകൾ കാണാതെ പോയിരുന്നു. കീശ് തന്റെ മകനായ ശൗലിനോട് നീ ഒരു ഭൃത്യനെയും കൂട്ടികൊണ്ട് ചെന്ന് കഴുതകളെ അന്വേഷിക്ക എന്നു പറഞ്ഞു."**

യിസ്രായേലിന്റെ രാജാവായി അഭിഷേകം ചെയ്യപ്പെടുന്നതിനു മുമ്പെ ശൗലിനോട് തന്റെ പിതാവു പറയുന്ന വാക്കുകളാണ് നാം കണ്ടത്. കഴുതയെ അന്വേഷിച്ച് ഇറങ്ങുന്ന യൗവ്വന പ്രായക്കാരനും, അവനേക്കാൾ കോമളത്വമുള്ള ആരും തന്നെ യിസ്രായേലിൽ ഇല്ല എന്ന് പറയത്തക്കവണ്ണം സുന്ദരനുമായിരുന്ന ശൗലിനെയാണ് നാം ഇവിടെ കാണുന്നത്. തന്റെ പിതാവിന്റെ വാക്കുകൾ അനുസരിച്ച് ഒരു ഭൃത്യനേയും കൂട്ടി കഴുതകളെ തേടി ദേശ ദേശാന്തരം ശൗൽ അലഞ്ഞു നടക്കുന്നതായി നാം തുടർന്നുള്ള വാക്യങ്ങളിൽ കാണുന്നു. ഒടുവിൽ കണ്ടു കിട്ടാതെ തിരികെ പോകാൻ ഒരുങ്ങുമ്പോൾ ഭൃത്യന്റെ വാക്കനുസരിച്ച് അവൻ ശമുവേൽ പ്രവാചകന്റെ അടുക്കൽ പോകുന്നതായി നാം കാണുന്നു. എന്നാൽ ശൗൽ എത്തുന്നതിനു മുമ്പു തന്നെ ശമുവേൽ പ്രവാചകനോട് ദൈവം ഇടപെടുകയും ശൗലിനെ യിസ്രായേലിന്റെ രാജാവായി അഭിഷേകം ചെയ്യണമെന്ന് അറിയിക്കുകയും ചെയ്തതായി നാം ഇവിടെ കാണുന്നു.

അങ്ങനെ കഴുതയെ തിരഞ്ഞിറങ്ങിയ ചെറുപ്പക്കാരൻ മടങ്ങി ഭവനത്തിൽ എത്തുന്നത് രാജാവാകാനുള്ള അഭിഷേകവുമായാണ്. അതുപോലെ ഈ യാത്ര ദൈവത്തിന്റെ പദ്ധതി പ്രകാരം ആയിരുന്നു എന്ന് നാം ഇവിടെ മനസ്സിലാക്കുന്നു. ശൗൽ തന്റെ പിതാവിന്റെ വാക്കുകൾ ശിരസ്സാ വഹിക്കാൻ തയ്യാറായി എന്നതാണ് അവനെ അഭിഷേകത്തിലേക്ക് നയിക്കുന്നത്. ആ യാത്രയുടെ ഫലമായിട്ടാണ് പിന്നീടുള്ള സകല കാര്യങ്ങളും ക്രമീകരിക്കപ്പെട്ടത്. തന്റെ പ്രായമോ, സൗന്ദര്യമോ ഒന്നും ശൗൽ കണക്കാക്കുന്നില്ല. തനിക്കു പകരം മറ്റാരെയെങ്കിലും അയയ്ക്കാൻ പറയുന്നുമില്ല. മാത്രമല്ല കഴുതകളെ കണ്ടു കിട്ടാഞ്ഞിട്ടും പിന്മാറാതെ അന്വേഷണം തുടരുന്നതായും, തന്റെ ഭൃത്യൻ പറഞ്ഞ വാക്കുകൾ അനുസരിക്കുന്നതായും നാം കാണുന്നു.

പ്രിയ ദൈവപൈതലേ, നമ്മുടെ ജീവിതത്തിലും ഇതുപോലെ വളരെ യാദൃശ്ചികം എന്നു തോന്നുന്ന ചില വേറിട്ട അനുഭവങ്ങളും യാത്രകളും ദൈവം കൽപിച്ചേക്കാം. അതിനെ നാം പൂർണ്ണ ഗൗരവത്തോടെയും, ഉത്തരവാദിത്വത്തോടെയും അനുസരിക്കുന്നു എങ്കിൽ അതിലൂടെ ഒരു അഭിഷേകം നമുക്കും ദൈവം ഒരുക്കിയിട്ടുണ്ട്. നമ്മുടെ ജീവിതത്തിലെ ഒരനുഭവങ്ങളും അപ്രതീക്ഷിതമല്ല എന്ന് ശൗലിന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു.

ഇതിന്റെയെല്ലാം പിന്നിൽ ദൈവത്തിന്റെ കരങ്ങളുണ്ട്. അവന്റെ പദ്ധതിയുടെ പൂർത്തീകരണം ഉണ്ട്. നാം അതിനോട് സഹകരിക്കുന്നവരാകണം എന്ന് ദൈവം ആഗ്രഹിക്കുന്നു. ശൗൽ തന്റെ പിതാവിനെ അനുസരിക്കാൻ തയ്യാറായപ്പോൾ, രാജാവായി അഭിഷേകം ചെയ്യപ്പെട്ടെങ്കിൽ, നാം നമ്മുടെ സ്വർഗ്ഗീയ പിതാവിനെ സ്നേഹത്തോടെ അനുസരിക്കുമ്പോൾ, ദൈവം നമുക്ക് എന്താണ് ഒരുക്കി വെച്ചിരിക്കുന്നത് എന്ന് വചനം നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. യോഹന്നാൻ 14:23-24ൽ ഇപ്രകാരം പറയുന്നു "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും; എന്റെ പിതാവ് അവനെ സ്നേഹിക്കും; ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടു കൂടെ വാസം ചെയ്യും." ഇതിലധികമായി നമുക്ക് എന്താണ് വേണ്ടത്.

പിതൃപുത്രപരിശുദ്ധാത്മ കൂട്ടായ്മയുടെ അഭിഷേകമാണ് ദൈവം നമുക്കായി ഒരുക്കിയിരിക്കുന്നത്. അതിനാൽ ദൈവമക്കളെ നമുക്കും ഈ ശൗലിനെ പോലെ നമ്മുടെ പിതാവിനെ സ്നേഹിച്ച്, അവന്റെ കൽപനകൾ അനുസരിക്കാം. അത് ഈ ലോകത്തിൽ രാജാവിനെ പോലെ ജീവിക്കുവാനുള്ള നശ്വരമായ അനുഗ്രഹം ലക്ഷ്യമാക്കി ആകരുത്, മറിച്ച് പിതാവിനോടുള്ള സ്നേഹത്തെ പ്രതി ആകണം. അപ്പോൾ നമ്മുടെ ജീവിത യാത്രയിലെ ഓരോ അനുഭവങ്ങളും നമ്മെ അഭിഷേകത്തിലേക്ക് നയിക്കും. നാം അറിയാത്ത വ്യക്തികളേയും വഴികളേയും ദൈവം നമുക്കായി ഒരുക്കും. അങ്ങനെ ഈ ജീവിതയാത്ര മനോഹരമായി ഓടിത്തീർക്കാനും, ദൈവം കൃപ തരും. അതിനായി നമുക്ക് പ്രാർത്ഥിക്കാം.

**പരാമർശം:**

**യിരെമ്യാവ് 7:23**

എന്റെ വാക്ക് കേട്ടനുസരിപ്പിൻ എന്നാൽ ഞാൻ നിങ്ങൾക്കു ദൈവവും നിങ്ങൾ എനിക്കു ജനമായും ഇരിക്കും. നിങ്ങൾക്ക് നന്നായിരിക്കേണ്ടതിന് ഞാൻ നിങ്ങളോട് കൽപ്പിച്ചിട്ടുള്ള വഴികളിലൊക്കെയും നടപ്പിൻ എന്നീ കാര്യമത്രേ ഞാൻ അവരോട് കൽപ്പിച്ചത്.

**സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 094**